Rao Sahib P. V. Raphael *(Chief Secretary to Government)*: As it is, the resolution is a very simple one or an innocent one and Government intend to accept it. I do not think that the change of the name adds to the dignity of the House. It is a very simple one and Government may have an early opportunity to consider this question either in connection with the report of the Franchise Committee or with the report of the Constitutional Advisory Committee.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: Not earlier?

Rao Sahib P. V. Raphael *(Chief Secretary to Government)*: I do not see any particular advantage in changing the name all at once. The mover of the resolution himself suggested, I think, that it can well be dealt with in connection with either the Franchise Committee report or the Constitutional Advisory Committee Report.

Resolution, by leave, withdrawn

Mr. P. Kumaran Ezhuthassan *(Vadakkancheri)*: Will the Hon'ble Deputy President allow me to move the resolution standing in the name of Mr. K. T. Achuthan. Of course, it requires his authorisation. I make that request if that is permissible.

Deputy President: The rule is that there should be his authorisation in writing. Therefore, the request cannot be allowed.

15. Necessity of standardising grades of pay of clerks having identical educational qualification

* മിസ്റ്റർ കെ. എസ്സ്. പണിക്കർ: സർ, "തുല്യവിദ്യാഭ്യാസ യോഗ്യതയോടുകൂടിയ എല്ലാ സർക്കാർ ഉദ്യോഗസ്ഥന്മാരുടേയും കീഴ്ജീവനക്കാരുടേയും ശമ്പളത്തോതു് ഏതേതു വകുപ്പിലായാലും ശരി തുല്യമാക്കേണമെന്നും അതു് ടൈംസ്കെയിൽ സമ്പ്രദായത്തിലാക്കേണ്ടതാണെന്നും ഈ കൌൺസിൽ ഗവൺമെണ്ടിനോടു ശുപാർശചെയ്യുന്നു" എന്നുള്ളതാണു് എന്റെ പ്രമേയം. ഇതിന്റെ പ്രായോഗിക വശംനോക്കി വരുമ്പോൾ വല്ല ഭേദഗതിയും ചെയ്യേണ്ടതായിട്ടുണ്ടെന്നു തോന്നിയാൽ അതു് ചെയ്യാൻ വിരോധമില്ല. സാമാന്യമായി പറയുകയാണെങ്കിൽ, അനുഭവംവെച്ചു നോക്കുമ്പോൾ ഇപ്പോഴത്തെ ഉദ്യോഗസ്ഥന്മാരിൽ പലർക്കും ആത്മാർത്ഥയോടുകൂടി ജോലി ചെയ്യാൻ സാധിക്കാത്ത ഒരു പരിതസ്ഥിതിയാണുള്ളതു്. അതിനുള്ള കാരണം അവരെപ്പോലെ പരിക്ഷായോഗ്യതയും മറ്റുമുള്ളവർ, അവരോടൊരുമിച്ചു് സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവർ, ചിലപ്പോൾ അവരുടെ മേലധികാരികളായിവരുന്നു. ചിലപ്പോൾ അവരുടെ കീഴിലിരുന്ന ആളുകൾ അവരുടെ മേലധികാരികളായിവരുന്നു. ഇങ്ങിനെയുള്ള ആളുകളിൽ ആത്മാർത്ഥതയുടെ കണികപോലും കാണുന്നില്ലെങ്കിൽ അതിൽ അത്ഭുതത്തിനവകാശമില്ല. സർവ്വസാധാരണമായി കണ്ടുവരാറുള്ളതാണു് ഈ സ്വഭാവം. ഇതിനുദാഹരണം പറയാം. ഇപ്പോൾ ചില ഡിപ്പാർട്ടുമെണ്ടിൽ ൨൫ to ൪൦൦ ആയിരിക്കും ഗ്രേഡ്. അവിടെ ഒരാളെ നിയമിക്കുമ്പോൾ അതേസമയത്തു അതേ പരീക്ഷായോഗ്യതയുള്ള മറ്റൊരാൾ ഗവൺമെണ്ടുദ്യോഗത്തിനപേക്ഷിക്കുമ്പോൾ അയാൾക്കു മറ്റൊരു ഡിപ്പാർട്ടുമെണ്ടിൽ കിട്ടിയാൽ ൨൫ മുതൽ ൫൦ വരെ എന്നോ അല്ലെങ്കിൽ ൫൦ മുതൽ ൫൫ വരെ എന്നോ അതല്ലെങ്കിൽ ൫൫ മുതൽ ൭൦ വരെ എന്നോ ഉള്ള ഗ്രേഡിലായിരിക്കും കിട്ടുക. അതു് അയാളുടെ സാമർത്ഥ്യക്കുറവുകൊണ്ടോ, പരീക്ഷായോഗ്യതയുടെ ദോഷംകൊണ്ടോ അല്ല. ചിലപ്പോൾ ചിലരുടെ ഭാഗ്യത്താലോ, സേവയാലോ മറ്റൊ ആയിരിക്കാം ഇങ്ങിനെയൊക്കെ ചില സ്ഥാനങ്ങളിൽ കടന്നുകൂടാൻ സാധിക്കുക. ഒരാൾ ബി. എ. പാസ്സായി ഉദ്യോഗത്തിൽ ചേർന്നു. അതേസമയത്തുതന്നെ അദ്ദേഹത്തെപ്പോലെതന്നെ ബി. എ. പാസ്സായി ഉദ്യോഗത്തിൽ കയറിയ മറ്റൊരാൾ അദ്ദേഹത്തിന്റെ മേലധികാരിയായി വന്നുചേർന്നിട്ടുള്ള ഉദാഹരണം കൊച്ചിരാജ്യത്തു അടുത്തകാലത്തുണ്ടായിട്ടുണ്ടു്. അങ്ങിനെയുള്ള ആളുകളെ സഹാനുഭാവനയോടുകൂടി വീക്ഷിച്ചു തുല്യപരീക്ഷായോഗ്യതയുള്ളവർക്കു ഒരുപോലെയുള്ള ശമ്പളം കൊടുത്തു് ഉദ്യോഗത്തിൽ നിയമിക്കണമെന്നു് ഗവൺമെണ്ടിനെ മനസ്സിലാക്കുവാൻ വേണ്ടിയാണു്, ഗവൺമെണ്ടിനെ ഉൽബോധിപ്പിക്കുവാൻ വേണ്ടിയാണു് ഈ പ്രമേയം ഇവിടെ കൊണ്ടുവന്നിട്ടുള്ളതു്.

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

ഒരു പക്ഷെ ഇതിനു മറുപടി പറയുന്ന കൂട്ടത്തിൽ കൊച്ചിയിലെ ഉദ്യോഗസ്ഥന്മാരുടെ യിടയിൽ വലിയൊരു ജനവിഭാഗമായ അദ്ധ്യാപകന്മാർക്കു ൧൦ മണി മുതൽ ൪ മണിവരെ മാത്രമേ ജോലിയുള്ളൂ, ഒഴിവു ദിവസങ്ങളും ധാരാളമുണ്ടു്, വെക്കേഷൻ ധാരളമുണ്ടു് എന്നുള്ള ചില ന്യായങ്ങളും പറഞ്ഞേക്കാം. പക്ഷെ, അങ്ങിനെയുള്ള ന്യായങ്ങളും പറയുവാൻ നമ്മുടെ ഗവ ൎമ്മെണ്ടു് ഉത്സാഹിക്കുകയില്ലെന്നു ഞാൻ വിശ്വസിക്കുന്നു. ഗവൎമ്മെണ്ടിനു സഹജമായികണ്ടുവരാവുള്ള മനോഭാവം അനുദ്യോഗസ്ഥപക്ഷത്തുനിന്നു് ജനക്ഷേമകരമായ എന്തുതന്നെ കൊണ്ടുവന്നാലും അതിനെ എതിൎക്കുകയെന്നുള്ളതാണു്. അദ്ധ്യാപകന്മാരുടെ കാൎയ്യമാണെങ്കിൽ കുറെ ഒഴിവുദിവസം കിട്ടുന്നതുകൊണ്ടു് അവൎക്കു് എന്തെങ്കിലും മെച്ചമുണ്ടെന്നു് വിചാരിക്കുവാൻ ന്യായമില്ല. മറുള്ളവരുടെ ജോലിപോലെയല്ല അദ്ധ്യാപകന്മാരുടെ ജോലി. ഭാവിപൌരന്മാരെ വാൎത്തെടുക്കുന്ന മഹാരിമാരാണവർ. പെരുമണ്ടന്മാരായ കുട്ടികളെപ്പോലും ഭാവിപൌരന്മാരാക്കാൻ പരിശ്രമിക്കുന്നതിനു് വളരെ സഹനശക്തിയും, വളരെ ക്ലേശവും അവർ അനുഭവിക്കേണ്ടിവരുന്നുണ്ടു്. ൧൦ മണിമുതൽ ൪ മണിവരെ മാത്രമേ അവർ ജോലി ചെയ്യുന്നുള്ളു എങ്കിലും, ശരിയായി ഉദ്യോഗം ചെയ്യാൻ വിചാരിക്കുന്ന അദ്ധ്യാപകന്മാൎക്കു്, മറുള്ള ആപ്പീസ്സുകളിലെ ഉദ്യോഗസ്ഥന്മാർ ആപ്പീസ്സിൽനിന്നു് ഒരു കെട്ടു ഫയൽ കക്ഷത്തുവെച്ചു് വീട്ടിൽ കൊണ്ടുപോയി ജോലിചെയ്യുന്നതുപോലെ ഇവൎക്കും കുറെ ജോലി വീട്ടിൽവെച്ചു് ചെയ്തീൎക്കേണ്ടതുണ്ടു്. ശരിയായി പാഠങ്ങളും പഠിപ്പിക്കണമെങ്കിൽ, അതിനുവേണ്ടി വീട്ടിലിരുന്നു് നോട്ടുകളും തയ്യാറാക്കേണ്ട ചുമതല അദ്ധ്യാപകന്മാൎക്കുണ്ടു്. അതിനുപുറമെ, രക്ഷകൎത്താക്കന്മാരെപ്പോലെ കുട്ടികൾക്കു ഗുണദോഷം പറഞ്ഞുകൊടുക്കുകയും, അവൎക്കു വിദ്യാഭ്യാസത്തിനുവേണ്ട പ്രോത്സാഹനം കൊടുക്കുവാനുള്ള മാൎഗ്ഗങ്ങളും അന്വേഷിച്ചുപ്രവൎത്തിക്കേണ്ട ഒരു ചുമതല അദ്ധ്യാപകനുള്ളതാണു്; അതു ചെയ്യും വരുന്നുണ്ടു്. ഒഴിവുദിവസം കിട്ടിയാൽ അതുകൊണ്ടു് അവൎക്കെന്തു ഗുണമുണ്ടു് എന്നുകൂടി ആലോചിക്കണം. എറണാകുളത്തുകാരനായ ഒരാളെ അദ്ധ്യാപകനായി കൊഴിഞ്ഞാമ്പാറയിൽ നിയമിച്ചാൽ അദ്ദേഹത്തിനു് ശനിയും, ഞായറും, ൧൦ മണിക്കുമുമ്പും, ൪ മണിക്കുശേഷവും കിട്ടുന്ന സമയംകൊണ്ടു് ഏതൊരു സംഗതിക്കുപയോഗിക്കാൻ സാധിക്കും. ആ സമയംകൊണ്ടു് അദ്ദേഹത്തിനു് യാതൊന്നും ചെയ്യാൻ സാദ്ധ്യമല്ല. എന്നാൽ ആ അദ്ധ്യാപകൻ ആ ഒഴിവുസമയം ചിലവാക്കുന്നതു് ആ വിദ്യാലയത്തിലെ സന്താനങ്ങളുടെ ക്ഷേമൈശ്വൎയ്യത്തിനുവേണ്ടിയും ആ ഗ്രാമത്തിലെ ജനക്ഷേമത്തിനുവേണ്ടിയുമായിരിക്കും. അതുകൊണ്ടു് അദ്ധ്യാപകന്മാൎക്കു് ഒഴിവുദിവസങ്ങളും അധികമുണ്ടു്, അതിനാൽ അവൎക്കു് വലിയ ശമ്പളം വേണ്ടെന്നു പറയുന്നതു് തെറ്റാണെന്നു് ഗവൎമ്മെണ്ടിനു സമ്മതിക്കാതെ തരമില്ല.

ഇനി മറുള്ള ഡിപ്പാൎട്ടുമെൻറുകളിലെ സ്ഥിതിയെടുക്കാം. ഭാഗ്യവശാൽ ഒരാൾക്കു് കൺട്രോളറാപ്പീസ്സിൽ ജോലി കിട്ടിയെന്നു വിചാരിക്കുക. അയാൾ ൨൫ മുതൽ ൧൦൦ വരെ ശമ്പളം വാങ്ങിക്കുമ്പോൾ റവന്യൂ ഡിപ്പാൎട്ടുമെണ്ടിലോ, പബ്ലിക്കു് വൎക്കു്സു് ഡിപ്പാൎട്ടുമെണ്ടിലൊ ഉദ്യോഗം കിട്ടുന്ന ഒരാൾക്കു് ൨൫ മുതൽ ൪൦ വരെയായിരിക്കും കിട്ടുക. അതല്ലെങ്കിൽ ഒരറൻറുകാരുടെ ഗ്രേഡു് കിട്ടിയാൽതന്നെ അവിടെ കിടന്നു നരകിക്കണം. കൺട്രോളറാപ്പീസ്സിൽ ഒരറൻറുകാരായി ചേൎന്നാൽ മൂന്നോ നാലോ ദിവസം കഴിയുമ്പോഴേക്കും ൨൫ മുതൽ ൧൦൦ലേക്കു ആകും. അതിൻറെ ഗ്രേഡു് അങ്ങിനെയാണു്. അങ്ങിനെയുള്ള വ്യത്യാസം കാണുമ്പോൾ രാവുപകൽ പണിയെടുക്കുന്ന ഒരുദ്യോഗസ്ഥനു് പണിയെടുക്കുവാൻ എത്ര ആത്മാൎത്ഥത കാണുമെന്നുള്ള സംഗതി ഗവൎമ്മെണ്ടു് ചിന്തിക്കണം. ഈവക വ്യത്യാസങ്ങളെ ഇല്ലായ്മചെയ്തു എല്ലാവൎക്കും ഒരേ തോതിലുള്ള ശമ്പളമാക്കി കൊടുക്കണമെന്നാണു് ഗവൎമ്മെണ്ടിനെ ധരിപ്പിക്കുവാനുള്ളതു്. നമ്മുടെ താൽക്കാലസ്ഥാനമായ ഹുജൂർ കച്ചേരിയിൽ ഇനിയുണ്ടാകുന്ന സെക്രട്ടറിയുടെ സ്ഥാനത്തു് തൻറെ സമുദായത്തിൽനിന്നു് ഒരാളെ വെക്കണമെന്നു് കൊച്ചിയിലെ മുസ്ലീംസമുദായത്തിലെ ഒരംഗമായ കൊട്ടങ്ങല്ലൂർ മുസ്ലീംമെമ്പർ പറയുവാനുണ്ടായ കാരണം അതു മറുള്ള ഡിപ്പാൎട്ടുമെൻറുമായി തുലനംചെയ്തുനോക്കുമ്പോൾ അവിടെ മറ്റു സൌകൎയ്യമായി കാണുന്നതുകൊണ്ടാണു്; അതു ഒരു താൽക്കാലസ്ഥാനമായി കാണുന്നതുകൊണ്ടാണു്. അവിടെ ൨൫ മുതൽ ൪൦ വരെ ഗ്രേഡിൽ ഒരാളെ നിയമിച്ചാൽ അഞ്ചാറുവൎഷം കഴിഞ്ഞാൽ ൪൦ മുതൽ ൫൦ വരെ, ൫൦ മുതൽ ൬൦ വരെ എന്നിങ്ങനെ ക്ഷണം കയറിപ്പോകും. അതേ സമയത്തു് റവന്യൂ ഡിപ്പാൎട്ടുമെണ്ടിലൊ മറ്റോ ആണെങ്കിൽ ത്രോണ്ടൊട്ടാകാതിരുന്നാൽ ൨൦ ഉറപ്പിക്കു പെൻഷൻ പറ്റിപ്പിരിഞ്ഞു എന്നുവരാം. അതേപ്രകാരംതന്നെയാണു് ശിപായിമാരുടേയും സ്ഥിതി. മറുള്ള ആപ്പീസ്സുകളിൽ ശിപായിമാൎക്കു വളരെ നിസ്സാരമായ ശമ്പളമാണു്. ഹുജൂർകച്ചേ

LIBRARY ARCHIVES Kerala Legislative Assembly

രിയിലെ ശിപായിക്ക് നല്ല ഉടുപ്പ്, നല്ല തലപ്പാവ്, ഇതിനുപുറമെ നല്ല ശമ്പളവുമുണ്ട്. മറ്റുള്ള ശിപായിമാരുടെ കാര്യം പറയുകയാണെങ്കിൽ, അതു പുറത്തു പറയാൻ പാടില്ല. അയ്ക്ക ഫസ്റ്റിൽനിന്നു ഫസ്റ്റ എന്ന സ്ഥാനത്തേക്ക കയറണമെങ്കിൽ മേലധികാരിയുടെ വീട്ടിൽ ചെന്ന് വിറകുവെട്ടണം, പത്രുവിനെ കറക്കണം, അങ്ങാടിയിൽപോയി സാമാനം മേടിച്ചുകൊണ്ടുവരണം. ഇങ്ങനെയുള്ള സേവയെല്ലാം ചെയ്താൽ ഫസ്റ്റിൽനിന്നു ഫസ്റ്റ-ലേക്ക കയറാൽ സാധിച്ചു എന്നുവരും. അങ്ങിനെയുള്ള സേവയൊന്നും നോക്കാതെ ഒരേ ജോലി ചെയ്യുന്ന എല്ലാവർക്കും ഒരേ തോതിൽ ഉദ്യോഗക്കയറ്റം കിട്ടണമെന്നുള്ളതാണ് എന്റെ ഈ പ്രമേയംകൊണ്ടു പ്രധാനമായി ഞാൻ ഉദ്ദേശിക്കുന്നതു്.

ഒരുവിധം ഈ സംഗതിയെപ്പറ്റി ഇപ്പോൾ മനസ്സിലായിട്ടുണ്ടായിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. ഗവമ്മെണ്ടിന്റെതന്നെ കാര്യക്ഷമതയെ ഉദ്ദേശിച്ചുകൊണ്ടാണ് ഞാൻ ഇങ്ങിനെ ആവശ്യപ്പെടുന്നതു്. ഗവമ്മെണ്ടിന്റെ ജോലികൾ ന്യായമായി നടക്കണമെങ്കിൽ അതിനു നിയുക്തരായിട്ടുള്ളവരോടു വ്യത്യാസംകൂടാതെ ഒരുതരത്തിൽ പെരുമാറേണ്ടതു് ഏതൊരു പരിഷ്കൃതഗവമ്മെണ്ടിന്റെയും ഒഴിച്ചുകൂടാത്ത കടമയാണ്. ഈ സംഗതി ഗവമ്മെണ്ടു് ആലോചിച്ചു പ്രവൃത്തിക്കുകയാണെങ്കിൽ നമ്മുടെ ഉദ്യോഗസ്ഥന്മാരിൽതന്നെ വളരെ പേരെ കുറയ്ക്കാൻ സാധിക്കും. ഇപ്പോൾ ജോലി ബാക്കി, ബാക്കി എന്നു പറയുന്നു. എന്തുകൊണ്ട്? അവക്ക് കൂടുതൽ ജോലി ചെയ്യിട്ടു് ആവശ്യമില്ല. അവക്കു ജോലി ചെയ്യുന്നതിൽ ആത്മാർത്ഥതയില്ല. അവർ ആത്മാർത്ഥതയോടുകൂടി പണിയെടുത്താൽ അതുകൊണ്ടു യാതൊരു ഫലവും ഇല്ലെന്നു അവർ മനസ്സിലാക്കീട്ടുണ്ടു്. ആ ധാരണയ്ക്കടിസ്ഥാനമായ വ്യത്യാസങ്ങൾ ഇല്ലാതെയാക്കിയാൽ അവരും മറ്റുള്ളവരെപോലെതന്നെ പണിയെടുക്കും. ഗവമ്മെണ്ടിന്റെ യശസ്സാണ് അവരുടെ യശസ്സു്, അവരുടെ യശസ്സുതന്നെയാണ് ഗവമ്മെണ്ടിന്റെ യശസ്സു്, എന്നുള്ള ആത്മാർത്ഥതയോടുകൂടി അവർ പണിയെടുക്കും. പിന്നെ ഇതിനെപ്പറ്റി പറയുമ്പോൾ എഫിഷ്യൻസിവാദം കൊണ്ടുവരാനുണ്ടു്. ഇതു ഗവമ്മെണ്ടിന്റെ പക്കലുള്ള ഒരു ഉളുക്കുമന്ത്രമാണ്.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: പിന്നെ ഫൈനാൻസിനെപ്പറ്റി പറയും.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: പത്തു രൂപാ ശമ്പളക്കാരുടെ കാര്യം പറയുമ്പോൾ മാത്രമേ ഈ Finance നോട്ടമുള്ളൂ.

റാവു സാഹിബ്ബ് പി. വി. രാഘേൽ: പത്തു രൂപ കൊടുത്താൽ മതിയൊ? ഈ കൌൺസിലിൽതന്നെ പറഞ്ഞിട്ടുണ്ടു് മുന്നൂറിയ്യതു രൂപാ ശമ്പളം കൊടുക്കണമെന്നു്. അപ്പോൾ finance നോക്കണ്ടെ?

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഈ കൌൺസിലിൽ തന്നെ പറഞ്ഞിട്ടുണ്ടു് 100 രൂപയിൽ കൂടിയ ശമ്പളം പാടില്ലെന്നു്. അവിടെ വരുമ്പോഴാണ് വലിയ ഉദ്യോഗസ്ഥന്മാരുടെ ഇടയിൽ ഫാവിളക്കുമുണ്ടാകുന്നതു്. അവരുടെ വലിയ തുകയിൽനിന്നൊന്നും കുറയ്ക്കാൻ പാടില്ല. അതേസമയം അവരുടെ കീഴിലുള്ള സാധുക്കൾ പണിയെടുത്തു വീട്ടിൽ ചെന്നു വയർ പൊരിഞ്ഞു കിടക്കുന്നുണ്ടെന്ന കഥ അവർ ചിന്തിക്കുന്നില്ല. ഇങ്ങിനെയുള്ള അസംതൃപ്തരായ ഒരുദ്യോഗസ്ഥവൃന്ദത്തിന്റെ ഭരണംകൊണ്ടു ഈ രാജ്യം ഒരിക്കലും നന്നാകാൻ പോകുന്നില്ലെന്നു് പ്രത്യേകം പറയേണ്ടതുണ്ടു്. ഇങ്ങിനെയുള്ള വ്യത്യാസങ്ങൾ വിചാരിക്കാൻ പാടില്ല. ആരുടേയും അവകാശത്തെ അവഗണിക്കാൻ പാടില്ല. ഇന്നതന്നെ ഇവിടെ മിസ്റ്റർ അഷ്റഫ് അത്രമാത്രം ക്ഷോഭത്തോടുകൂടി പ്രസംഗിക്കുവാൻ എന്താണു് കാരണം? അദ്ദേഹത്തിന്റെ സമുദായത്തിൽപെട്ട ഒരംഗത്തിനു കിട്ടേണ്ട അവകാശം മറ്റൊരു സമുദായത്തിൽപെട്ട ആൾക്കു കൊടുത്തതിനെക്കുറിച്ചു ചിന്തിച്ചപ്പോഴുണ്ടായ ഹൃദയവേദനയാണ് അദ്ദേഹത്തിനെ ക്ഷോഭിപ്പിക്കാൻ കാരണം.

റാവു സാഹിബ്ബ് പി. വി. രാഘേൽ: ആരാണ് ആൾ എന്നു പറഞ്ഞില്ലല്ലൊ.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: മിസ്റ്റർ ഫ്രൂഡിൻഷാ. അദ്ദേഹത്തിനെ Appoint ചെയ്യേണ്ട സ്ഥാനത്തു അദ്ദേഹത്തിന്റെ താഴെയുള്ള ഒരാളെ വെച്ചുവെന്നുള്ളതാണ് മിസ്റ്റർ അഷ്റഫിനു ക്ഷോഭമുണ്ടാകാൻ കാരണം.

റാവു സാഹിബ്ബ് പി. വി. രാഘേൽ: അതിനു പ്രത്യേക കാരണമുണ്ടാകണം.

മിസ്റ്റർ കെ എസ്സ്. പണിക്കർ: നിങ്ങൾ അതിനെന്തെങ്കിലും കാരണം പറയും. നിങ്ങൾക്കിഷ്ടമുള്ള ആളെങ്കിലും അങ്ങിനെ കൊടുക്കണമെന്നു തോന്നുമ്പോൾ ആ ആൾ എ

LIBRARY ARCHIVES Kerala Legislative Assembly

ഫിഷ്യൻറാണെന്നും മറെറയാൾ എഫിഷ്യൻറ് അല്ലെന്നും മറവും സാധാരണ പറഞ്ഞുകാണുന്ന ന്യായങ്ങൾ ഈ കാര്യത്തിലും നിങ്ങൾ പറയുമായിരിക്കും. ഇങ്ങിനെയുള്ള വ്യത്യാസങ്ങൾ ചെയ്യ ഒരു സമുദായത്തിൻറെയും അഭിഷ്ടം സമ്പാദിക്കാൻ ഇടയാക്കരുത്. ഗവമ്മെണ്ടിനു വേണ്ടി ബുദ്ധിമുട്ടുന്ന ആളുകൾക്കു ജീവിക്കാനുള്ള വക കൊടുക്കണം. ജീവിക്കാൻ നിവൃത്തി യില്ലാത്തതുകൊണ്ടാണ് ഉദ്യോഗസ്ഥന്മാരുടെ ഇടയിൽ കറപ്ഷനും ബ്രൈബറിയും മറവും നടമാടുന്നത്. ജീവിക്കാനുള്ള വക കൊടുക്കാതെ നിങ്ങൾ എത്ര കമ്മിറിയെവെച്ചു അന്വേഷിച്ചാലും അതു തടയാൻ നിങ്ങളെക്കൊണ്ടാവുകയില്ല. നിങ്ങൾ ഇങ്ങിനെ പല കമ്മിറികളും വെയ്ക്കുന്നുണ്ട്, Pay revision കമ്മിറിയെ വെയ്ക്കുന്നുണ്ട്. ഇതൊക്കെ ജനങ്ങളേയും അന്യരാജ്യക്കാരേയും തെറിദ്ധരിപ്പിക്കാൻ വേണ്ടിമാത്രമല്ലാതെ നിങ്ങൾക്കതിൽ ആത്മാത്ഥത ഉണ്ടായിട്ട ചെയ്യുന്നതല്ല.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: അങ്ങിനെ ജനങ്ങളെ തെറിദ്ധരിപ്പിച്ചു നല്ലപേരെടുക്കാനും ബുദ്ധിവേണമല്ലൊ!

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അതെ, ഗവമ്മെണ്ടു ബുദ്ധിയുള്ള ഗവമ്മെണ്ടാണ്. പിന്നെ ഒരു സൂത്രമുണ്ട്. ടെക്നിക്കാളിറീസ് എന്നൊരു സൂത്രമാണ പ്രയോഗിക്കുന്നത്. കൺട്രോളർ ആഫീസ്സിൽ അങ്ങിനെ കൂടുതൽ ശമ്പളം കൊടുക്കുന്നുണ്ട്, എന്നാൽ ഈ ടെക്നിക്കാലിറീസ് എല്ലാപേർക്കുമുണ്ടാകുന്നതാണ്. മററാഫീസ്സുകളിൽ ജോലി നോക്കുന്നവരെ കൺട്രോളറാപ്പീസ്സിൽ നിയമിച്ചാൽ അവിടെ കുറച്ചു പരിചയിക്കുമ്പോൾ ഈ ടെക്നിക്കാലിറീസ് അവർക്കുമുണ്ടാകുന്നതാണ്. ഈ വ്യത്യാസങ്ങൾ ഒക്കെ ഇല്ലാതെയാക്കണം. അതിനാണ് ഞാൻ ഈ പ്രമേയം ഇവിടെ കൊണ്ടുവന്നിരിക്കുന്നു. ഇതു് ഈ നിയമസഭ ഐകകണ്ഠ്യേന സ്വീകരിക്കുമെന്നുള്ള പ്രതീക്ഷയോടും ഉത്തമവിശ്വാസത്തോടും കൂടി ഞാൻ ഈ സഭമുമ്പാകെ വെച്ചുകൊള്ളുന്നു.

Mr. P. K. Paul *(Chalakkudi):* Methinks it is a acknowledged belief that as long as the out put of labour remains the same, the wages should be proportionate. Now you find that people possessing the same qualification get different kinds of pay on the consideration that they are doing different kinds of work in different departments which according to me should not be the case. Of course it does not require any further explanation. I am very thankful to the mover for bringing into light the hardship caused to the teachers. There is a wrong opinion prevalent in the minds of even enlightened men that teachers after all are not doing very hard work.

Mr. P. Kumaran Ezhuthassan *(Vadakkancheri):* It is a very very wrong idea. They are doing great service.

Mr. P. K. Paul *(Chalakkudi):* If anybody thinks that teachers are not even doing the work what a forester or even a clerk in an office is doing he is thoroughly mistaken. A teacher in a primary school is paid Rs. 20—40 whereas the forester even gets more pay. Why should a teacher be poorer in status than a forester. In fact the poor teacher is dealing with the future citizens of the land. I am pround of being a primary teacher. Probably I may be the next Prime Minister of India.

Mr. P. Kumaran Ezhuthassan *(Vadakkancheri):* Who knows.

Mr. P. K. Paul *(Chalakkudi):* We are equally proud that even the best statesmen who are coming are drawn from our group.

All these people are drawn from our midst so that we should have a legitimate place and the future Pay Revision Committee or any Committee which is dealing with the lot of the poor teachers will take due recognition of the noble services that teachers are doing. They should be treated on a par with other classes of Government servants I do not want to say anything more. I commend this motion wholehearted to the acceptance of this House.

Rao Sahib P. V. Raphael *(Chief Secretary to Government):* Sir, Government are almost at one with what has been stated by Mr. K. S. Panicker. They have recently appointed a Committee and this Committee has almost finished its laboures, and though their recommendations and conclusions are considered to be strictly confidential, I may submit for the information of the House some broad principles underlying the recommendations of that Committee. The first is to standardise the pay of all the clerks in every department inclusive of the much maligned Comptroller's Office, to have the same grades of pay for all clerical and all superior officers of the different departments.

LIBRARY ARCHIVES Kerala Legislative Assembly

Mr. P. Kumaran Ezhuthassan *(Vadakkancheri)* : Thus far good.

Rao Sahib P. V. Raphael *(Chief Secretary to Government)*: In the same way that Committee has bestowed due consideration on the recommendation of this House that the lot of the poor paid inferior servants must be bettered and there also they have standardised the pay of these people in the various departments. The Peons, the Parvathyams, the Anchal men, etc., the pay of the people of these kinds has been standardised by this Committee. But it is not correct to say that it does not involve financial commitment. Even if you are going to reduce the pay of the so-called high officers and fix it at Rs. 500 what are you going to get is only is about Rs. 75,000 a year and this Rs. 75,000 will not enable the Government to give a 2 annas increase of pay to those officers whose pay is recommended to be revised. With this Rs. 75,000 the Government will not be able to pay those in inferior service an increase of even 2 annas in their present pay. I may say for the information of the House that the Committee has gone far far ahead and they have recommended a pay that they think is a reasonable living wage. There are about 5000 peons in the whole State. We have also not forgotten the primary as well as the secondary teachers. They have recommended for them also the same standards of pay and these recommendations will be placed before the Committee of this House who in turn with their recommendation will send the same to Government for final decision. So far as the officers of the other departments and the Comptroller's Office, are concerned I can assure you that hereafter there will not be any difference between them though I may say that they richly deserve it. This is going to be done by pulling them down and raising others a little. I say it is very unjust to malign the Comptroller's Office people and I am stating this just to disillusion your mind. It is only because the Account Code of the Government lays down that they are not eligible for promotion to other offices that a higher grade of pay is fixed for them. There is no such bar in other offices. Whether they get it or not is quite a different matter. That is why in the Special Finance Committee Report on which orders were passed in 1105 by Government, a special grade of pay was fixed and you should not be under the wrong impression that all the people there are getting this higher grade. There you have got attenders on Rs. 15, another set of people in the grade of Rs. 15 to 20 and some of the auditors who are in the grade of Rs. 25—100 are not even yet confirmed. Now, Sir, out of consideration for the views that have been expressed on the floor of this House on former occasions by Mr. Panicker himself, the Committee thought that this invidious distinction as between officers of that Department and the officers of other departments should be stopped. I hope that when these proposals take definite shape the lot of the officers in Government service would be bettered to a considerable extent. There will be considerable expenditure of public finance. I have nothing more to say. I request that the resolution may be withdrawn in the light of the above remarks.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അവരെ താഴ്ത്തണമെന്നല്ല പറയുന്നത്.

Rao Sahib P. V. Raphael *(Chief Secretary to Government)* : Sir, one word more by way of explanation. I may just inform the House that Government are proposing also to appoint a strong Committee to go into the question of reduction of establishment. The idea is already before the Government.

*മിസ്റ്റർ കെ. എസ്സ്. പണിക്കർ: മിസ്റ്റർ പ്രസിഡണ്ട് സർ, ചീഫ് സിക്രട്ടറിയുടെ മറുപടി വളരെ തൃപ്തികരമായി. സഹജമായിട്ടുള്ള ആ ഭംഗിയിൽ, ഒരു വിധത്തിലും ദുരുദ്ദേശ്യമാണെന്നു തോന്നിക്കാത്ത ഭാഷയിൽ, ഈ കാര്യം Finance Committee-യുടെ മുമ്പിൽ കൊണ്ടുവരാമെന്നു പറഞ്ഞു. എന്നാൽ അതേസമയം ഗവണ്മെണ്ടിന്റെ ധനസ്ഥിതി നോക്കാതെ പല നിയമനങ്ങളും ഇവിടെ നടത്തിട്ടുണ്ടെന്നു പറയാതെ തരമില്ല. മലബാർ ഡിസ്ട്രിക്ടിലെ ഒരു താലൂക്കായ പൊന്നാനിത്താലൂക്കോളം മാത്രം വലിപ്പമുള്ള കൊച്ചിരാജ്യത്തിൽ എവിടെ തിരിഞ്ഞാലും ആഫീസർമാരും എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുമുണ്ട്". അവരെ തടഞ്ഞിട്ടു നടക്കാൻ പാടില്ല.

ഡെപ്യൂട്ടി പ്രസിഡണ്ട്: ഇതൊക്കെ ഈ റസല്യൂഷനിൽ വരുന്നുണ്ടോ എന്നാണ് ഞങ്ങൾ കൂടി.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഇതൊന്നും ഈ റസല്യൂഷനിൽപെടാത്തവയല്ല. എന്നാൽ, ഇതൊക്കെ ഈ റസല്യൂഷനിലേയ്ക്ക് പ്രവേശിക്കുന്നതിനുള്ള അടിസ്ഥാനതത്വങ്ങളിൽപെട്ടവയുമാണ്. "ഠ"വട്ടമുള്ള കൊച്ചു കൊച്ചിയിൽ എവിടെ തിരിഞ്ഞാലും

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

ഉദ്യോഗസ്ഥന്മാരെ തടഞ്ഞിട്ട് നടക്കാൻ പാടില്ലാത്ത ഒരു നിലയാണിന്നുള്ളതു്. ഒരു ഡിപ്പാർട്ട്മെണ്ടിൽ രണ്ടു മേലധികാരികൾക്കും ശമ്പളം മേടിക്കുന്നുണ്ടു്. പഞ്ചായത്തു ഡിപ്പാർട്ട്മെണ്ടിൽ ഇന്നു രണ്ടു ഡയറക്ടർമാർക്കു ശമ്പളം കൊടുക്കുന്നുണ്ടു്. ഇങ്ങിനെ ആളെ നോക്കി ഉദ്യോഗം സൃഷ്ടിക്കുന്ന സമ്പ്രദായം നിവർത്തണം. ഫൈനാൻസു കമ്മിറ്റിയുടെ കാര്യം പറഞ്ഞതു ഞാൻ സമ്മതിക്കുന്നു. പക്ഷെ, ഇങ്ങിനെ ഓരോ ആളുകളുടെ ആവശ്യത്തിനുവേണ്ടി ഉദ്യോഗം സൃഷ്ടിച്ചിട്ടുള്ളതിനു ധാരാളം ഉദാഹരണങ്ങൾ പറയാൻ കഴിയും അതു തെളിയിക്കാൻ കഴിയും.

ഡെപ്യൂട്ടി പ്രസിഡണ്ടു് : ബഹുമാനപ്പെട്ട മെമ്പർ റസല്യൂഷനിൽപെട്ട സംഗതികളെപ്പറ്റിത്തന്നെയാണൊ പ്രസംഗിക്കുന്നതു്?

മിസ്റ്റർ കെ. എസ്സു്. പണിക്കർ : അതിൽപെട്ട സംഗതികളെപ്പറ്റിത്തന്നെയാണു് പ്രസംഗിക്കുന്നതു്. ഒരു റസല്യൂഷൻ എന്നു പറഞ്ഞാൽ ആ റസല്യൂഷൻ മാത്രം പോരല്ലൊ, അതിനു അസ്ഥിവാരം വേണമല്ലൊ, ഞാൻ അങ്ങിനെ അസ്ഥിവാരമിടുകയാണു്. ഫൈനാൻസു കമ്മിറ്റിക്കു ഇതിനുള്ള സംഖ്യ ഉണ്ടാക്കാൻ കഴിയും. പിന്നെ ഇതിനായി ഒരു കമ്മിറ്റിയെ നിയമിക്കാമെന്നു പറഞ്ഞതു ഇതിനുമുമ്പു വെച്ചിട്ടുള്ള കമ്മിറ്റികളെപോലെ ആകരുതു്.

റാവുസാഹിബു് പി. വി. റാഫേൽ : റിട്രെഞ്ച്മെണ്ടു് കമ്മിറ്റിയെപ്പറ്റി കൌൺസിൽ പറഞ്ഞിട്ടില്ല.

മിസ്റ്റർ കെ. എസ്സു്. പണിക്കർ : കറപ്ഷനും ബ്രൈബറിക്കും മറ്റും കമ്മിറ്റിയെ വെച്ചതുപോലെ, അതായതു, അന്യരാജ്യങ്ങളിൽ വെറും പ്രചരണത്തിനുവേണ്ടി മാത്രമല്ലാതെ കാര്യസാദ്ധ്യത്തിനുള്ള ഒരു കമ്മിറ്റിയെ വെയ്ക്കണം. എതായാലും ഗവർമ്മെണ്ടു ഉദ്യോഗസ്ഥന്മാരുടെ ശമ്പളം Standardise ചെയ്യാമെന്നു പറയുന്നതുകൊണ്ടു്; അതു വാസ്തവമാണൊ എന്നറിഞ്ഞുകൂടാ.

മിസ്റ്റർ ബി. വി. കെ. മേനോൻ : നിശ്ചയമായും ആലോചിക്കുന്നുണ്ടു്.

മിസ്റ്റർ കെ. എസ്സു്. പണിക്കർ : ചീഫ് സിക്രട്ടറി പറഞ്ഞതുകൊണ്ടു പറയുകയാണൊ എന്നറിഞ്ഞില്ല.

മിസ്റ്റർ ബി. വി. കെ. മേനോൻ : അല്ല.

മിസ്റ്റർ കെ. എസ്സു്. പണിക്കർ : ഇങ്ങിനെയുള്ള ഉറപ്പു കിട്ടിയതുകൊണ്ടു എതായാലും ഞാൻ ഈ പ്രമേയം സഭയുടെ അനുവാദത്തോടുകൂടി പിൻവലിക്കുന്നു.

Resolution, by leave, withdrawn

16. Need to cancel the present restriction in the way of wives of Government servants standing for election to the Legislative Council

Mrs. T. Francis *(Ernakulam-Women)*: Sir, I move "This Council recommends to Government to cancel the present restrictions on the wives of Government Officers from standing as candidates for election, as members of the Legislative Council" Sir, this is a very important resolution as far as Women are concerned. Sir, I cannot for one moment understand why this particular restriction on the wives of Government Officer's to stand for election is placed. Sir, (may I make a suggestion to the Government to understand) though there are a good percentage of women of letters and able women in Cochin State very many of them are banned from entering into politias because most of them are in Government service. Therefore they are not able to enter into polities and stand as candidates for election in the Legislative Council. Then another portion of them is in the private service of Government servants' as their wives and they are also banned, to stand as candidates to the Legislative Council. So some are disqualified because of their Government service, some as wives of Government servants and the third portion, the remaining number, because they are women without education. Those who have joined the services are tied down by Government regulations. The other set of women who agree to become wives of Government servants are also banned to stand as candidates for election. The rest who are not educated are not competent to stand as candidates for the election. So it is a great injustice done to the women of Cochin. You do not want to see that women without education come as representatives in this Council.

LIBRARY ARCHIVES Kerala Legislative Assembly